ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

TIME: 06.30 PM DATE: 05.10.2025

## പ്രധാനവാർത്ത

1. ചുമയ്ക്കുള്ള മരുന്ന് കഴിച്ചുണ്ടായ ശിശുമരണങ്ങൾ സംബന്ധിച്ച് സംസ്ഥാനങ്ങളുമായി കേന്ദ്ര ആരോഗ്യ മന്ത്രാലയം സുപ്രധാന യോഗം ചേർന്നു
2. പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം നാളെ പുനരാരംഭിക്കും.
3. സംസ്ഥാനത്ത് കന്നുകാലികൾക്കായുള്ള ഇൻഷ്വറൻസിനായി ഗോസമൃദ്ധി പദ്ധതി നടപ്പാക്കുമെന്ന് മന്ത്രി ജെ.ചിഞ്ചുറാണി.
4. സംസ്ഥാനത്ത് ചിലയിടങ്ങളിൽ വ്യാഴാഴ്ച വരെ മഴയ്കും കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്; കേരള, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.
5. കേരള സൂപ്പർ ലീഗ് രണ്ടാം സീസണിൽ ഇന്ന് തിരുവനന്തപുരം കൊമ്പൻസ് - കണ്ണൂർ വാരിയേഴ്സ് പോരാട്ടം.

RNU TVPM

6. ഐസിസി വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ പാകിസ്ഥാനെതിരെ ഇന്ത്യയുടെ ബാറ്റിംഗ് പുരോഗമിക്കുന്നു.

❁❁❁❁❁❁❁❁❁❁❁❁

## ആരോഗ്യ മന്ത്രാലയം

കഫ് സിറപ്പ് മൂലമുള്ള ശിശുമരണങ്ങൾ സംബന്ധിച്ച് സംസ്ഥാനങ്ങളുമായി കേന്ദ്ര ആരോഗ്യമന്ത്രാലയം സുപ്രധാന യോഗം ചേർന്നു. മധ്യപ്രദേശിലും രാജസ്ഥാനിലും ചുമ മരുന്ന് കഴിച്ച് കുട്ടികൾ മരിച്ചതിനെത്തുടർന്ന്, കേന്ദ്ര സർക്കാർ അതീവ ജാഗ്രത പാലിക്കുകയാണ്. ഔഷധ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും സുരക്ഷയും ഉറപ്പാക്കാൻ കർശന നടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകി. ആരോഗ്യ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സംസ്ഥാന ആരോഗ്യ സെക്രട്ടറിമാർ, പ്രിൻസിപ്പൽ സെക്രട്ടറിമാർ, സംസ്ഥാന ഡ്രഗ് കൺട്രോളർമാർ, മുതിർന്ന സിഡിഎസ്സിഒ ഉദ്യോഗസ്ഥർ എന്നിവർ ഓൺലൈനായി സംബന്ധിച്ചു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁

## നിയമസഭ

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം നാളെ പുനരാരംഭിക്കും. 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും നാളെ നടക്കും. 2025 ലെ മലയാള ഭാഷാ ബിൽ, 2025 ലെ കേരള പൊതു

സേവനാവകാശ ബിൽ ഉൾപ്പെടെയുള്ള വിവിധ ബില്ലുകളുടെ അവതരണവും ഉണ്ടാകും. ഭരണഘടനയുടെ 346, 347 അനുച്ഛേദപ്രകാരം സംസ്ഥാനത്തെ എല്ലാം ഔദ്യോഗിക ആവശ്യങ്ങൾക്കും മലയാള ഭാഷ ഉപയോഗിക്കണമെന്ന് ബിൽ വ്യവസ്ഥ ചെയ്യുന്നു. മലയാള ഭാഷാ വികസന ഡയറക്ടറേറ്റും രൂപവത്കരിക്കും.

❁❁❁❁❁❁❁❁❁❁❁❁

## വയലാർ അവാർഡ്

49-ാമത് വയലാർ സാഹിത്യപുരസ്കാരം ഇ. സന്തോഷ് കുമാറിന്. 'തപോമയിയുടെ അച്ഛൻ' എന്ന കൃതിക്കാണ് പുരസ്കാരം. ഒരു ലക്ഷം രൂപയും പ്രശസ്ത ശിൽപി കാനായി കുഞ്ഞിരാമൻ വെങ്കലത്തിൽ നിർമിക്കുന്ന ശില്പവും പ്രശസ്തി പത്രവുമാണ് അവാർഡ്. അവാർഡ് തുക ആദായനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

ഈ മാസം 27-ന് വൈകുന്നേരം തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ പുരസ്കാര സമർപ്പണ ചടങ്ങ് നടക്കും.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁

## രാമചന്ദ്രൻ മ്യൂസിയം

കൊല്ലം ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയത്തിൽ ലളിതകലാ അക്കാദമി സ്ഥാപിക്കുന്ന മ്യൂസിയം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. വിഖ്യാത ചിത്രകാരൻ എ. രാമചന്ദ്രൻ്റെ ചിത്രങ്ങളും ശില്പങ്ങളുമാണ് മ്യൂസിയത്തിൽ പ്രദർശിപ്പിക്കുക. മതേതര മൂല്യങ്ങൾക്കായി നിലകൊണ്ട കലാകാരനാണ് എ. രാമചന്ദ്രൻ എന്ന് മുഖ്യമന്ത്രി

പറഞ്ഞു. കലാരംഗത്തെ കരുതലോടെ കാണുന്ന സംസ്ഥാന സർക്കാരിന്റെ ഇടപെടലുകൾ ചിത്രകലാ പാരമ്പര്യത്തെ പൊതുസമൂഹവുമായി ബന്ധിപ്പിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁

## ബാലഗോപാൽ

വലിയ കടക്കെണിയിലേക്ക് പോകുന്ന സംസ്ഥാനങ്ങളിൽ കേരളം ഉൾപ്പെടുന്നില്ല എന്നാണ് ഏറ്റവും ഒടുവിലത്തെ സിഎജി റിപ്പോർട്ട് വ്യക്തമാക്കുന്നതെന്ന് മന്ത്രി കെ. എൻ ബാലഗോപാൽ. കൊട്ടാരക്കരയിൽ വിഷൻ 2031 വികസിത സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജനങ്ങളിൽ നിന്നുള്ള ഊർജ്ജം ഉൾക്കൊണ്ടാണ് ജനപ്രതിനിധികൾ പ്രവർത്തിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁

## മന്ത്രി ജെ.ചിഞ്ചുറാണി

സംസ്ഥാനത്തെ കന്നുകാലികൾക്കാകെയുള്ള ഇൻഷ്വറൻസിനായി ഗോസമൃദ്ധി പദ്ധതി നടപ്പാക്കുമെന്ന് മന്ത്രി ജെ.ചിഞ്ചുറാണി. പദ്ധതിയിൽ 15 ശതമാനം പ്രീമിയം മാത്രമാണ് കർഷകർ വഹിക്കേണ്ടതെന്നും വർഷംതോറും ഒരു ലക്ഷത്തോളം പശുക്കുട്ടികളെ സർക്കാർ ദത്തെടുത്ത്, തീറ്റനൽകി സംരക്ഷിക്കുമെന്നും മന്ത്രി പറഞ്ഞു.
കൊല്ലത്ത് തട്ടാർകോണം വെറ്ററിനറി സബ് സെന്ററിന്റെ പുതിയ മന്ദിരം ഉദ്ഘാടനം ചെയ്യുകയാ യിരുന്നു അവർ. സൈബർ സംവിധാനത്തിലൂടെ മൃഗചികിത്സകർ ഏകോപിപ്പിക്കുന്ന ഇ-സമൃദ്ധ പദ്ധതി കൊല്ലത്ത് നടപ്പാക്കുമെന്നും ശ്രീമതി ചിഞ്ചുറാണി വ്യക്തമാക്കി.

RIUTVPM

## ഉണ്ണികൃഷ്ണൻ പോറ്റി ചോദ്യം ചെയ്യൽ

ശബരിമല ക്ഷേത്രത്തിലെ സ്വർണപ്പാളി വിഷയത്തിൽ ഉണ്ണികൃഷ്ണൻ പോറ്റിയെ തിരുവനന്തപുരത്തെ ദേവസ്വം ബോർഡ് ആസ്ഥാനത്ത് ചോദ്യം ചെയ്തു. ദേവസ്വം വിജിലൻസ് എസ് പിയുടെ നേതൃത്വത്തിലായിരുന്നു ചോദ്യം ചെയ്യൽ. ഉണ്ണികൃഷ്ണൻ പോറ്റിയുടെ സാമ്പത്തിക ഇടപാടുകളും വിജിലൻസ് പരിശോധിക്കുന്നുണ്ട്.

## ഗുരുവായൂർ ദേവസ്വ0

ഗുരുവായൂർ ദേവസ്വത്തിൻ്റെ സ്വർണ്ണം, വെള്ളി, പണ നിക്ഷേപം ഉൾപ്പെടെ യുള്ള മുഴുവൻ സ്വത്തു വകകളെ കുറിച്ചും കേന്ദ്ര ഏജൻസി അന്വേഷിക്ക ണമെന്ന് ബിജെപി നോർത്ത് ജില്ല സമ്പൂർണ്ണ സമിതി യോഗം പ്രമേയത്തി ലൂടെ ആവിശ്യപ്പെട്ടു.

BNU TVPM

## മഴ

സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഇന്നു മുതൽ വ്യാഴാഴ്ച വരെ ഇടിമിന്ന ലോടുകൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. അതേ സമയം **ശക്തി** ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ കടൽ പ്രക്ഷുബ്ധമാകാൻ സാധ്യതയുള്ളതിനാൽ കേരള

- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പുണ്ട്.

TIME:18:30 DATE:2025-10-05

## കുട്ടവഞ്ചി സവരി (ഇൻട്രോ)

സഞ്ചാരികളാൽ നിറഞ്ഞ് കോന്നി അടവി കുട്ടവഞ്ചി സവരി കേന്ദ്രം. പൂജാ അവധി ദിവസങ്ങളിൽ റെക്കോർഡ് വരുമാനമാണ് അടവി മുണ്ടോംമൂഴി കുട്ടവഞ്ചി സവാരി കേന്ദ്രത്തിൽ ലഭിച്ചത്.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാപ്രതിനിധി ശ്രീജി□ സ് ശ്രീധർ..**

**(വോയിസ്)**

RNU TVPM

## പി□ ം ശ്രീ സ്കൂൾ

കേന്ദ്ര സർക്കാർ കേരളത്തിൽ പുതിയതായി അനുവദിച്ചിട്ടുള്ള കേന്ദ്രീയ വിദ്യാലയത്തിന്റെ ഓഫീസ് തൊടുപുഴയിൽ പ്രവർത്തനമാരംഭിച്ചു. തൊടുപുഴ ബോയ്സ് ഹൈസ്കൂൾ കോമ്പൗണ്ടിലുള്ള കെട്ടിടത്തിലാണ് ഓഫീസ് പ്രവർത്തനം ആരംഭിച്ചത്. വിദ്യാലയത്തിൽ അടുത്ത മാസം മുതൽ ക്ലാസുകൾ തുടങ്ങും. ഒന്നു മുതൽ അഞ്ച് വരെ ക്ലാസ്സുകളിലേക്ക് കേന്ദ്രീയ വിദ്യാലയ സംഗതൻ പ്രവേശന മാനദണ്ഡങ്ങൾക്കു വിധേയമായിട്ടാണ് പ്രവേശനം നൽകുന്നത്. ഈ മാസം പതിനഞ്ചാം തീയതി വരെയാണ് അപേക്ഷകൾ സ്വീകരിക്കുന്നത്.

## ചാമ്പ്യൻസ് ബോട്ട് ക്ലബ് ലീഗ് (ഇൻട്രോ)

ചാമ്പ്യൻസ് ബോട്ട് ക്ലബ് ലീഗിന്റെ അഞ്ചാം സീസണിൽ ഹാട്രിക് വിജയം നേടി വീയപുരം ചുണ്ടന്റെ ജൈത്രയാത്ര തുടരുന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ...**

**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁

## കേരള സൂപ്പർ ലീഗ്

കേരള സൂപ്പർ ലീഗിന്റെ രണ്ടാം സീസണിൽ തിരുവനന്തപുരം കൊമ്പൻസ് ഇന്ന് കളത്തിലിറങ്ങും. കണ്ണൂർ വാരിയേഴ്സുമായാണ് പോരാട്ടം. വൈകിട്ട് 7.30 ന് തിരുവനന്തപുരം ചന്ദ്ര ശേഖരൻ നായർ സ്റ്റേഡിയത്തിലാണ് മത്സരം.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁

## ക്രിക്കറ്റ്

ഐസിസി വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ പാക്കിസ്ഥാനെതിരെ ഇന്ത്യയുടെ ബാറ്റിംഗ് പുരോഗമിക്കുന്നു. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റിംഗിനിറങ്ങിയ ഇന്ത്യ, ഒടുവിൽ വിവരം ലഭിക്കുമ്പോൾ 44 ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 197 റൺ എന്ന നിലയിലാണ്. കൊളംബോയിലെ ആർ.പ്രേമദാസ സ്റ്റേഡിയത്തിലാണ് മത്സരം.

❁❁❁❁❁❁❁❁❁❁❁❁

## വി. അബ്ദുറഹ്മാൻ

കായികരംഗത്ത് 2400 കോടിയോളം രൂപയുടെ അടിസ്ഥാന സൗകര്യ വികസന ങ്ങൾ സർക്കാർ നടപ്പാക്കിയെന്ന് മന്ത്രി വി. അബ്ദുറഹ്മാൻ. പാലക്കാട് മുതുതല ഗ്രാമപഞ്ചായത്തിലെ ആധുനിക ഗ്രൗണ്ടിന്റെ നിർമ്മാണ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. അടുത്ത ആറുമാസത്തിനകം ഗ്രൗണ്ടിന്റെ നിർമ്മാണം പൂർത്തീകരിക്കാനാണ് കായികവകുപ്പ് ഉദ്ദേശിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

## തിരഞ്ഞെടുപ്പ് കമ്മീഷ്ണർ

പ്രത്യേക തീവ്ര വോട്ടർ പട്ടിക പരിഷ്കരണ നടപടി രാഷ്ട്രീയ പാർട്ടികളുടെയും ജനങ്ങളുടെയും പ്രശംസ നേടിയിട്ടുണ്ടെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ. പട്നയിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുക യായിരുന്നു അദ്ദേഹം. SIR നിയമപരമായും വ്യവസ്ഥകൾ അനുസരിച്ചുമാണ് നടപ്പാക്കിയതെന്ന് അദ്ദേഹം പറഞ്ഞു. ബിഹാറിൽ സ്വതന്ത്രവും സമാധാനപരവുമായ നിയമസഭാ തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായും അദ്ദേഹം വ്യക്തമാക്കി

RNU TVPM

## അന്താരാഷ്ട്ര അധ്യാപക ദിനം

അന്താരാഷ്ട്ര അധ്യാപക ദിനത്തോടനുബന്ധിച്ച് കേരള സർക്കാരിന്റെ സാംസ്കാരിക കാര്യവകുപ്പിന് കീഴിലുള്ള

ശ്രീനാരായണ അന്തർദേശീയ പഠന തീർത്ഥാടന കേന്ദ്രവും ഗ്രാമ സ്വരാജ് ഫൗണ്ടേഷനും സംയുക്തമായി അധ്യാപക ദിനാഘോഷം സംഘടിപ്പിച്ചു. തിരുവനന്തപുരം വൈ.എം.സി.എ ഹാളിൽ നടന്ന ചടങ്ങിൽ, മികച്ച അധ്യാപകർക്കുള്ള പുരസ്കാരങ്ങൾ വിതരണം ചെയ്തു.

RNU TVPM